# ചുവന്ന നക്ഷത്രവും ഒലീവ് ഇലയും

**ഒറ്റ മനുഷ്യന്റെ സാധ്യതകളുടെ ലോകപ്രതീകമെന്ന് ഫാനൻ വിശേഷിപ്പിച്ച ചെഗുവേര അറബ്-ഗൾഫ് രാജ്യങ്ങളിൽ രാഷ്ട്രീയത്തിന്റേയും ചരിത്രത്തിന്റേയും ഐക്യദാർഢ്യത്തിന്റെയും പിൻബലമുള്ള വികാരവും ലക്ഷ്യത്തിലേക്ക് ഉന്നംവയ്ക്കുന്ന സമരായുധവും ആണ്**

■ അനിൽകുമാർ എ.വി.



ചെഗുവേര

കോടതിമുറികളുടെ ചോരയോട്ടം നിലനിർത്തിയ എല്ലാ വാക്കുകളും എനിക്ക് മനഃപാഠമായിരുന്നു. അതിനാൽ നിയമങ്ങൾ തകർക്കാനായി. ഒരൊറ്റ വാക്കിനുവേണ്ടി മറ്റെല്ലാറ്റിന്റെയും അർഥതലങ്ങൾ തേടിപ്പോവുകയും ഒടുവിൽ അവയെല്ലാം കൈവിടുകയും ചെയ്തു. ഭാഷയിലെ ആ ഏകാന്ത കൂട്ടുകാരൻ മാതൃഭൂമിയാണെന്നാണ് മൊഹമ്മൂദ് ദർവീഷ് പാടിയത്. സ്വന്തം മണ്ണിൽനിന്ന് നിരന്തരം ആട്ടിയോടിക്കപ്പെട്ടുകൊണ്ടിരിക്കുന്ന പലസ്തീൻ ജനത നെഞ്ചിൻകൂട് പൊട്ടുമാറുച്ചത്തിൽ ആ വരികൾ ഏറ്റുചൊല്ലുകയാണ്. തങ്ങളുടെ ആത്മാവിന്റെ അടകല്ലായ രാജ്യത്തിനുമേൽ വിതറിയ അന്യായങ്ങൾ തിരിച്ചെടുക്കുംവരെ സമാധാനവും മുറിവുണക്കലും ഫലിതങ്ങൾ മാത്രമായി ഒടുങ്ങിത്തീരുമെന്നും അവർ വിശ്വസിക്കുന്നു.

ലോകമാകുന്ന വിസ്തൃത തെരുവു മുഴുവൻ ഐക്യദാർഢ്യത്തിന്റെ കൈകൾ ആകാശങ്ങൾ തട്ടിമാറ്റി ഉയർന്നുപൊങ്ങുമ്പോഴും ഇസ്രയേൽ- അമേരിക്കൻ തിന്മയുടെ അച്ചുതണ്ട് പലസ്തീനുനേരെ മാരക ബോംബുകൾ തലങ്ങും വിലങ്ങും വർഷിക്കുകയാണ്. ചോരപ്പുഴകളിലെ നുരയുന്ന വേലിയേറ്റങ്ങളിൽ സമൃദ്ധമായ സംസ്കാരംകൂടിയാണ് ശ്വാസം മുട്ടുന്നത്. കേൾക്കാൻ കാതുകളില്ലാത്ത മനുഷ്യത്വത്തിന്റെ മരുപ്പറമ്പിൽ എന്നിട്ടും കുട്ടികൾ വാവിട്ടുകരയുന്നു. അരിപ്പൂക്കൾ നിറഞ്ഞ ഉദ്യാനംപോലെ ചിരിച്ചുനിൽക്കുന്ന നിഷ്കളങ്കതയ്ക്കുമേൽ ഇസ്രയേൽ കാടത്തത്തിന്റെ തിളയ്ക്കുന്ന ചൂട് ഇന്നും ഗർജിക്കുകയാണ്. മനുഷ്യാവകാശ സംഘടനയായ ബിതസേലം കണ്ടെത്തിയ ക്രൂരതകളുടെ ആഴങ്ങൾ തിട്ടപ്പെടുത്താൻ ഒരു അളവുകോലിനുമാവില്ല; അനുഭവത്തിനല്ലാതെ.

ഒരു കൈയിൽ ഒലീവ് ഇലയും മറ്റേതിൽ തോക്കുമായി സമാധാനത്തിന്റെ സാന്ത്വനവും ചെറുത്തുനില്പിന്റെ ഊർജവും ഒരുപോലെ പ്രസരിപ്പിച്ച യാസർ അറാഫത്ത്. അദ്ദേഹം വെട്ടിവെടിപ്പാക്കിയ വഴികളിലിതാ ആത്മാഭിമാനം പണയം വയ്ക്കാത്ത പോരാളികൾ നിറഞ്ഞുകൊണ്ടിരിക്കുന്നു. ഇസ്രയേൽ അധിനിവേശത്തിനെതിരെ സ്കൂളുകൾപോലും സമരവേദിയാണിപ്പോൾ. 'ശത്രുവിനെ അറിയൂ' എന്ന പദ്ധതിക്കു കീഴിൽ ഗാസയിലെ 180 വിദ്യാലയങ്ങളിൽ ഹീബ്രു ഭാഷാ പഠനം നിർബന്ധമാക്കിയിരിക്കുന്നു. രണ്ട് പതിറ്റാണ്ടിലേറെയായി നിലച്ച പതിവിന്റെ തിരിച്ചുവരവ്. ഇസ്രയേൽ സമൂഹത്തെയും അതിന്റെ ചിന്തകളെയും പിന്തുടരാനാണ് അത്. പന്ത്രണ്ട് വയസിനു മുകളിൽ കയറിയ കൗമാരക്കാരെ പരിശീലിപ്പിക്കാൻ സൈനിക അക്കാദമിയും ആരംഭിച്ചു. ഫുതുവ്വ എന്നു പേരിട്ട പരിപാടിക്കുശേഷം ഡിപ്ലോമയും ബിരുദവും നൽകും. ഇവരുടെ കുട്ടിക്കൂടാരങ്ങളിലെ രാവുകളിൽ ഒരു ചുവന്ന നക്ഷത്രം ജ്വലിച്ചുനിൽക്കുന്നു– ചെഗുവേര.



ലാത്തൂഫിന്റെ ചെ ചിത്രം

ഒറ്റ മനുഷ്യന്റെ സാധ്യതകളുടെ ലോക പ്രതീകമെന്ന് ഫ്രാൻസ് ഫാനൻ ആരാധിച്ച ചെ, അറബ്- ഗൾഫ് മേഖലകളിൽ വെറും വികാരമായിട്ടാണോ തുളുമ്പുന്നത്. അല്ല, രാഷ്ട്രീയത്തിന്റെയും ചരിത്രത്തിന്റെയും ഐക്യദാർഢ്യത്തിന്റെയും പിൻബലമുണ്ട് അതിന്. ഷാർജ അന്താരാഷ്ട്ര പുസ്തകോത്സവത്തിൽ പങ്കെടുക്കുകയും മേഖലയിലാകെ യാത്ര നടത്തുകയും ചെയ്തപ്പോൾ ലക്ഷ്യത്തിലേക്ക് ഉന്നം വയ്ക്കുന്ന സമരായുധംപോലെ ആ ചിഹ്നം തിളച്ചുമറിയുന്നതായി തോന്നി. ജോർദാൻ, ഈജിപ്ത്, പലസ്തീൻ, അൾജീരിയ തുടങ്ങിയ രാജ്യങ്ങളുടെ പവലിയനിലേക്ക് കമ്യൂണിസ്റ്റ് മാനിഫെസ്റ്റോയുടെ അറബി പതിപ്പും ചെ ഗുവേരയെക്കുറിച്ചുള്ള കൃതികളും തേടിയെത്തുന്ന ഒട്ടേറെ വായനക്കാർ. ബെയ്റൂട്ടിൽനിന്നുള്ള ദാർ അൽ സക്കി പ്രസാധക ഗൃഹത്തിന്റെ അനീസ് റീസ് ഈ ഉണർവിന്റെ ഹൃദയത്തിലേക്ക് എന്നെ കൈപിടിച്ചുകൊണ്ടുപോയി. അന്ത്വാൻ നൊയിൻ രചിച്ച ചെ പുസ്തകം ഏറ്റുവാങ്ങാനുള്ള അവസരവും അദ്ദേഹം എനിക്കു മാത്രമായി കരുതിവെച്ചു. പലസ്തീൻ പ്രസ്ഥാനത്തോട് അനുഭാവമുള്ള പ്രൊഫസറായിരുന്നു അതിന്റെ വിവർത്തകൻ. സ്റ്റാളിൽ ആൾത്തിരക്ക് ഏറുംവരെ അനീസ് തടസ്സമില്ലാത്ത ഇംഗ്ലീഷിൽ സംസാരിച്ചുകൊണ്ടേയിരുന്നു.

## രക്തസാക്ഷിയുടെ മുഖം

പവലിയനുകളിൽ റോന്തുചുറ്റി പ്രധാന കവാടത്തിലെത്തിയപ്പോൾ അനിൽ പള്ളൂർ അറബ്-ഗൾഫ് പ്രദേശങ്ങളിലെ യൗവനം ചെ സ്മരണ വ്യത്യസ്തമായി നെഞ്ചേറ്റുന്നതിന്റെ കുറേ അനുഭവങ്ങൾ അടിവരയിട്ടു. യാസർ അറാഫത്തിനെപ്പോലെ ചിലപ്പോഴെങ്കിലും അതിലുപരി ചെറുപ്പക്കാർ ചെഗുവേരയെ നെഞ്ചേറ്റുകയാണ്. വാഹനങ്ങളുടെ മുൻ–പിൻ ചില്ലുകളെ സമ്പൂർണമായും സമരപൂരിതമായ ആ സാഹസികന്റെ ചിത്രങ്ങൾകൊണ്ട് അലങ്കരിച്ചിരുന്നു.

യുവതികളടക്കം ബനിയനുകളിൽ രക്തസാക്ഷിയുടെ മുഖം പതിപ്പിച്ചിട്ടുണ്ട്. പേഴ്സുകളിലും വാച്ചുകൾക്കടിയിലും കീ ചെയ്നുകളുടെ പിടികളിലും അതിന്റെ ചെറുരൂപങ്ങൾ. ഒറ്റയ്ക്കു താമസിക്കുന്ന സർവകലാശാലാ വിദ്യാർഥികളുടെ ഹോസ്റ്റലുകളിലും അതീവ രഹസ്യമായി സൂക്ഷിക്കുന്നു. ഇതെല്ലാം കേട്ടപ്പോൾ ജോർജ് ബുഷിനു നേരെ പാദുകങ്ങൾ വലിച്ചെറിഞ്ഞ് പ്രതിഷേധിച്ച ഇറാഖി പത്രപ്രവർത്തകൻ മുൻതാദർ അൽ സെയ്ദിയുടെ ധീരതയിലേക്കാണ് എന്റെ ശ്രദ്ധ പാഞ്ഞത്. നിരപരാധികളു

ടെ ചോരകുടിച്ചു മദിക്കുന്ന ആധുനിക ഡ്രാക്കുളയ്ക്കെതിരെ ബാഗ്ദാദിലെ വാർത്താസമ്മേളനത്തിനിടെയായിരുന്നു ഒറ്റയാൻ രോഷം. മുൻതാദിന്റെ അപ്പാർട്ട്മെന്റിലേക്ക് ഇരച്ചെത്തിയ അമേരിക്കൻ രഹസ്യാന്വേഷണ വിഭാഗത്തിലെ ഉന്നതർ ഒരുവേള സ്തംഭിച്ചുപോയി. മുറിയിലെ ചുവരുകളിൽ ചെഗുവേരയുടെ പോസ്റ്ററുകൾ. ഫ്രെഡ്ഡി ആൽബോർടാ പകർത്തിയ അന്ത്യരംഗങ്ങൾവരെ.

ചെ ഗുവേരയുടെ അഭാവത്തിന്റെ 45-ാം വർഷം അറബ് മേഖലയിൽ പലേടത്തും പോരാട്ടദിനമായി ആചരിക്കുകയായിരുന്നു. 2012 ഒക്ടോബർ ഒൻപത്- പലസ്തീൻ സ്വന്തം രക്തസാക്ഷിയെന്നപോലെയാണ് അദ്ദേഹത്തെ കണ്ടതും തെരുവിലിറങ്ങിയതും. എൺപതാം ജന്മവാർഷികമായ 2008-നേക്കാൾ ജനപങ്കാളിത്തത്തോടെയായിരുന്നു അത്. ഗാസാ ചിന്തിലെ ജബല്യയിൽ ദുഷ്ടതയുടെ സഖ്യത്തിനെതിരെ ആൾക്കടൽതന്നെ ഒഴുകിപ്പരന്ന പ്രതീതിയായിരുന്നു. ഹമാ ബമേർണിയുടെ വിപ്ലവ സംഗീതത്തിലലിഞ്ഞുചേർന്ന് ചിലപ്പോൾ ആ ആഴി തിരയടങ്ങി നിശബ്ദമാവുകയുണ്ടായി. മൂത്തുപഴുത്ത് നിലംപതിക്കുന്ന ആപ്പിൾ അല്ല വിപ്ലവം, അതിനെ വീഴ്ത്തുകയാണ് വേണ്ടതെന്ന ചെ ഗുവേരയുടെ ഉദ്ധരണി ബാനറുകളിൽ ജീവൻവെച്ചു. അദ്ദേഹത്തിന്റെയും അറാഫത്തിന്റെയും ചിത്രങ്ങൾ സാഹോദര്യത്തിന്റെ വിസ്തൃതമായ ആകാശത്ത് ഉയരെയുയരെ പൊങ്ങുകയും ചെയ്തു. പതിനായിരക്കണക്കിന് പലസ്തീൻ ചെ ഗുവേരമാർ അതിലലിഞ്ഞുചേർന്നുവെന്നാണ് ഒരു പംക്തികാരൻ അഭിപ്രായപ്പെട്ടത്.

അറാഫത്തിന്റെ ശിരോവസ്ത്രംപോലെ, യേശുവിന്റെ പ്രകൃതം ഓർമിപ്പിക്കുന്ന ചെ യുടെ മുഖവും പലസ്തീൻ ചെറുത്തുനില്പിന്റെ കൊടിയടയാളമായതെങ്ങനെ? ഷാർജ പുസ്തകമേളയിൽ കണ്ട ചരിത്രകൃതികൾ എന്റെ സംശയങ്ങൾക്ക് ഉടൻ തിരശീലയിട്ടു. 1959-ൽ ചെ ഗാസ സന്ദർശിച്ചതിന്റെ രേഖകൾ കണ്ടെത്താനായപ്പോൾ പറഞ്ഞറിയിക്കാനാവാത്ത വികാരങ്ങൾക്ക് അടിപ്പെട്ടു ഞാൻ. ജൂൺ 18-ന് ഈജിപ്ത് പ്രസിഡന്റ് ഗമാൽ അബ്ദുൾ നാസറാണ് അദ്ദേഹത്തെ സ്വീകരിച്ചത്. പലസ്തീൻ അഭയാർഥി ക്യാമ്പുകളിലെത്തിയ ചെയെ ക്യൂബൻ മുദ്രാവാക്യങ്ങളുയർത്തിയാണ് സ്വാഗതം ചെയ്തത്. 31-ാം ജന്മദിനം ഹവാനയിലെ പോരാളികൾക്കൊപ്പം അനാർഭാടമായി ആഘോഷിച്ചശേഷം മാഡ്രിഡിലും സ്വീകരണം ഏറ്റുവാങ്ങി. അവിടുന്ന് കെയ്റോ വഴി ഡൽഹിയിലേക്ക്. അതിനുശേഷം ഗാസയുടെ മണ്ണിൽ. ആഗസ്ത് ഏഴിന് സിലോണിലേക്കും പറന്നു.

## ഇസ്ലാമിന്റെ നാലാമത്തെ വിശുദ്ധസ്ഥലം

ഹൊറാനയിലെ യഹാല കേലെ റബ്ബർ തോട്ടങ്ങളിലാണ് ആദ്യമിറങ്ങിയത്. ആ കൃഷി പഠിക്കാൻ ക്യൂബൻ സർക്കാർ രൂപീകരിച്ച സമിതിയുടെ തലവൻ എന്ന നിലയിൽ. ഒരു തരത്തിലുള്ള ഔദ്യോഗിക സന്ദർശനത്തിനിടെ അദ്ദേഹമവിടെ ഒരു മഹാഗണി നട്ടു. ചെ യുടെ ഓർമ പുഷ്പിച്ചുനിന്ന അത് 2009 വരെ പിടിച്ചുനിന്നു. കൊളംബോയിൽ ഞാൻ പരിചയപ്പെട്ട എസ്റ്റേറ്റ് സൂക്ഷിപ്പുകാരൻ ദിൻഗിരി മഹാത്തായ, സന്തോഷംകൊണ്ട് മതിമറന്നത് ഇപ്പോളും മനസ്സിലുണ്ട്. ചെ വച്ചുപിടിപ്പിച്ച ലോകത്തിലെ മരങ്ങളിൽ അപ്പോഴും പച്ചനിറച്ച് ജീവിക്കുന്നത് ആ മഹാഗണി മാത്രമായിരുന്നെന്ന് അയാൾ തമിഴിൽ പേശി. ചെറിയ മനുഷ്യർക്ക് തുച്ഛമായ കാര്യങ്ങളല്ലേ ആഹ്ലാദിക്കാനുള്ളൂ എന്ന ബോദ്ലേറുടെ വചനം അപ്പോഴെനിക്ക് കൂട്ടിനെത്തി.

നാസർക്കൊപ്പം ഡമാസ്കസിലെ ചരിത്ര സ്മാരകങ്ങൾ കാണാനും തിടുക്കംകൂട്ടി ചെ. ഉമയാദ് പള്ളിയിലും സലാദിന്റെ ശവകുടീരത്തിലും എത്തിയത് അങ്ങനെ. പഴക്കത്തിലും വലുപ്പത്തിലും ലോകത്തെ വിസ്മയിപ്പിക്കുന്ന ആരാധനാലയങ്ങളിൽ ഒന്നാണത്. ഇസ്ലാമിന്റെ നാലാമത്തെ വിശുദ്ധസ്ഥലം. അന്ത്യനാളുകളിൽ യേശു തിരിച്ചുവന്നതിന്റെ വിശ്വാസവും ആ പ്രദേശത്തിനുണ്ട്. കർബലയിലെ യുദ്ധത്തിനുശേഷം മൊഹമ്മദിന്റെ ഭാര്യയും കുട്ടികളും ഇവിടേക്ക് കാൽനടയായി എത്തിയതായും കരുതപ്പെടുന്നു. അവരെ അവിടെ 60 ദിവസം തടവിലിട്ടതായും കഥയുണ്ട്. ഈജിപ്തിന്റെ ആദ്യ സുൽത്താനായ അല അൽ ദിൻ യൂസുഫ് ഇബിൻ അയ്യൂബാണ് സലാദിൻ. ദയാലുവും ധർമിഷ്ഠനും. ലാളിത്യം വിശ്വാസം പോലെ പിന്തുടർന്ന അദ്ദേഹം മരണക്കിടയ്ക്കു താഴെ അവശേഷിപ്പിച്ചത് ഒരു കഷണം സ്വർണവും 47 വെള്ളിനാണയങ്ങളും മാത്രം. സമ്പത്തെല്ലാം ദരിദ്രർക്ക് പകുത്തു നൽകുകവഴി സലാദിൻ യാചക സുൽത്താനാവുകയായിരുന്നു.

യൂറോപ്യന്മാരിൽനിന്ന് പലസ്തീൻ തിരിച്ചുപിടിച്ച അദ്ദേഹത്തിന്റെ വീറ് സിയോണിസ്റ്റുകൾക്കെതിരായ സന്ധിയില്ലാത്ത സമരത്തിൽ ഉറവവറ്റാത്ത പ്രചോദനമാണെന്ന് ചെ തിരിച്ചറിയുകയുണ്ടായി. സലാദിന്റെ ചിഹ്നമായ പരുന്ത് അറബ് ജാഗ്രതയുടെയാകെ കാവൽകണ്ണാക്കാൻ നാസറിന് പ്രേരണ ചെ ഗുവേരയായിരുന്നിരിക്കണം. ജറുസലേമിലെ പ്രധാന തെരുവും തിക്രിത്തിലെ സോക്കർ ക്ലബും സലാദിന്റെ പേരിലാണ്. പേർഷ്യൻ കവി റൂമിയുടെ ഡെത്ത് ഓഫ് സലാദിൻ ഗീതകവും തരിഖ് അലിയുടെ ദി ബുക്ക് ഓഫ് സലാദിൻ നോവലും അക്ഷരാഞ്ജലികൾ.

ഗാസയുടെ മുറിവുകൾ തലോടിയുള്ള ചെ യുടെ സ്നേഹയാത്രയ്ക്ക് മൂത്തമകൾ അലീഡ ഗുവേര ആവേശോജ്വലമായ അനുബന്ധങ്ങളുണ്ടാക്കി. 2012 ഒക്ടോബർ 11-ന് ലബനണിലെത്തിയ അവർ ഹിസ്ബുള്ളാ നേതൃത്വവുമായി സംസാരിക്കുകയും ചെയ്തു. രക്തസാക്ഷികളായ അച്ഛനെയും ഇമദ് മുഖ്നിയെയും അഭിവാദ്യം ചെയ്യുംമട്ടിലുള്ള ഫലകം സമ്മാനിച്ചായിരുന്നു സ്വീകരണം. ഫാത്തിമ ഗെയിറ്റിനു എതിർവശത്തുള്ള ക്ഫാർ കില അതിർത്തി ഗ്രാമം ഒറ്റ മനസ്സോടെ വരവേറ്റു.

ഖിയാം തടവുകേന്ദ്രമായിരുന്നു അടുത്തത്. ഇസ്രയേലി അധിനിവേശം ചവച്ചുതുപ്പിയ നൂറുകണക്കിന് അഭയാർഥികളുടെ ഞരക്കങ്ങൾ അപ്പോഴും അവിടെ അസ്വസ്ഥതയുണ്ടാക്കിയിരിക്കണം. അറബ്



ചെ പലസ്തീൻ നേതാക്കൾക്കൊപ്പം 1959–ൽ

ജനതയുടെ അലിയാത്ത ധൈര്യത്തെ ചുരുങ്ങിയ വാക്കുകളിൽ പ്രകീർത്തിച്ച അലിഡ തന്റെ അച്ഛന്റെ സാന്നിധ്യം അവർക്കിടയിൽ തിരയുംമട്ടിൽ സംസാരം നിർത്തിയപ്പോൾ സങ്കടജലമൊഴുകി കുതിർന്ന നേർത്ത ചിരിയുണ്ടായിരുന്നു അഭയാർഥികളുടെ മുഖങ്ങളിൽ.

## അറാഫത്തിന്റെ ശിരോവസ്ത്രം ചെ ഗുവേരയുടെ മുഖം

കഫിയേ എന്ന അറാഫത്തിന്റെ ശിരോവസ്ത്രവും ചെ ഗുവേരയുടെ മുഖവും ഒരു മനുഷ്യനിൽ കൈകോർത്തുനിന്നാൽ എങ്ങനെയുണ്ടാവും. അതൊരു സാങ്കല്പിക സംശയമല്ലെന്ന് ഗൾഫ് യാത്ര ബോധ്യപ്പെടുത്തി. സാമൂഹ്യ ഉണർവിന്റെ രണ്ട് ജീവിതങ്ങൾ സന്ധിക്കുകയാണവിടെ. കാർലോസ് ലാത്തൂഫിന്റെ കാരിക്കേച്ചർ ഇനിയും വികസിക്കേണ്ടിയിരിക്കുന്ന സാഹോദര്യത്തിന്റെ ആഹ്വാനമാണ് മുഴക്കിയത്.

ബ്രസീൽകാരനായ ലാത്തൂഫ്, മുതലാളിത്തത്തിനും അതിന്റെ പ്രച്ഛന്നവേഷങ്ങൾക്കും പോറലേല്പിക്കുന്ന കനത്ത കാർട്ടൂണുകൾ വരച്ചിട്ടുണ്ട്. അമേരിക്കൻ സൈനിക റൗഡിസം, ആഗോളവൽക്കരണത്തിന്റെ തഴുകിക്കൊല്ലൽ, സിയോണിസത്തിന്റെ കോമ്പല്ല്– തുടങ്ങിയ പ്രവണതകൾക്കുനേരെ ആ വരകൾ ഒരിറ്റു ദയയും കാണിക്കുന്നില്ല. അറബ് വസന്തത്തിന്റെ മഴവില്ലും അദ്ദേഹം ദാഹാർത്തനായി കാത്തുനിന്നിട്ടുണ്ട്. അധികം കൈപിടിച്ചു നിൽക്കാനാവാതെ മങ്ങിയ ആ വസന്തത്തിനും വരകളിലൂടെ ഭാഷ്യമുണ്ടാക്കി.

ചില സാമ്രാജ്യത്വ വിരുദ്ധ സിനിമകളിൽ ചെയുടെ വേഷമിട്ട നടൻ ഒമർ ഷെറീഫും അഭിനയത്തിനപ്പുറത്തെ ആത്മബന്ധം സൂക്ഷിക്കുന്നു രാഷ്ട്രീയ ഉന്മേഷങ്ങളോട്. പ്രശസ്ത സാംസ്കാരിക വിമർശകനായിരുന്ന എഡ്വേർഡ് സെയ്ദിന്റെ സഹപാഠിക്ക് അങ്ങനെയല്ലേ കഴിയൂ. ഈജിപ്തിൽ ജനിച്ച ഒമർ കടുത്ത അമേരിക്കൻ വിമർശകനാണ്. ഇറാഖ് അധിനിവേശകാലത്ത് ജോർജ് ബുഷിന്റെ രാജ്യത്തെ അജ്ഞരുടെ കൂടാരമെന്നാണ് വിശേഷിപ്പിച്ചത്. മതത്തിന്റെ മൂടുപടത്തിനുള്ളിൽ കൂട്ടക്കൊലയുടെ ഗൂഢാലോചന വേവിച്ചെടുക്കുന്നതായി തുറന്നടിച്ച ഒമർ ചിലരെമാത്രം സ്വർഗത്തിലേക്ക് ക്ഷണിക്കുന്ന ദൈവത്തിന്റെ അനീതിയെയും വിമർശിച്ചു.

അധികാരപ്രയോഗത്തിന്റെ കുരുക്കുകൾ ഭയന്ന് ചെ യുടെ ചിത്രം തൂക്കാനാവാത്തവർ മേഖലയിൽ ആൻഡ്രിയെ മാന്റഗ്നയുടെ പ്രശസ്ത യേശു രചന സ്വന്തമാക്കി സങ്കടം മറികടക്കുന്നതായും കണ്ടു. ഇറ്റാലിയൻ നവോത്ഥാന ചിത്രകാരിൽ പ്രധാനിയായ അദ്ദേഹത്തിന്റെ ചിത്രം മക്കളാണ് കണ്ടെടുക്കുന്നത്. കടം കയറി മുടിഞ്ഞ മാന്റഗ്നക്ക് അവസാന നാളുകളിൽ ഒന്നും ശ്രദ്ധിക്കാനായില്ല. പണിപ്പുരയിലെ പൊളിഞ്ഞ വസ്തുതകൾക്കിടയിൽ തള്ളി അതിന്റെ പ്രാധാന്യം മക്കൾക്ക് ഉൾക്കൊള്ളനായില്ലെന്നത് മറ്റൊരു കാര്യം.


രക്തയോട്ടമുള്ള ആ ചിത്രം മക്കളാണ് കണ്ടെടുക്കുന്നത്. അത് വിറ്റ് കടം വീട്ടുകയായിരുന്നു. അതിപ്പോൾ മിലാനിനെ പിനാകോട്ടേകാ മ്യൂസിയത്തിലാണ്. ഇംഗ്ലീഷ് കലാവിമർശകൻ ജോൺ ബെർജെറാണ് യേശു– ചെ ഗുവേര സാദൃശ്യങ്ങൾ വായിച്ചെടുത്തത്. വെടിവെച്ച് കൊന്നശേഷം ചെയുടെ മൃതദേഹം ഹെലികോപ്റ്ററിലൂടെ വലിച്ചെറിയുകയായിരുന്നു. ന്യൂസ്ട്ര സെനോറ് ഡി മാൾട്ട ആശുപത്രിയിലെ അലക്കുമുറിക്കടുത്ത സ്ലാബിലാണ് മൃതദേഹം തടഞ്ഞുനിന്നത്. പ്രായവും നീളമേറിയ മുടി, കട്ടപിടിച്ച താടി– തുടങ്ങിയ രൂപസാദൃശ്യങ്ങളും ബെർജെറുടെ വിധി തീർപ്പിന് അടിസ്ഥാനമായിരുന്നിരിക്കണം. ഇരുവരുടെയും ജീവത്യാഗമാകട്ടെ അടിച്ചമർത്തപ്പെട്ടവർക്കുവേണ്ടിയും. ക്രിസ്തുമത വിശ്വാസികളായിരുന്നു ചെയെ യേശുവിനൊപ്പം ചേർത്തുനിർത്തിയതെന്നും ബെർജെർ വാദിച്ചു. ●

“

2012 ഒക്ടോബർ 30–ന് എനിക്ക് എൺപത് വയസ് പൂർത്തിയായി. സംഭവബഹുലമായ ജീവിതത്തിന്റെ അവസാന അദ്ധ്യായത്തിലേക്കു കടന്നതായി ഒരു തോന്നൽ. 2012 ജനുവരിയിൽ ആലപ്പുഴയിൽ നടന്ന പാർട്ടി ജില്ലാസമ്മേളനത്തിൽ പാർട്ടി നേതൃത്വം സ്വീകരിച്ച സമീപനത്തിൽനിന്നും എന്റെ സേവനത്തിൽ പാർട്ടിക്ക് ഇനി തുടർന്ന് താല്പര്യമില്ലെന്ന് ബോധ്യമായി. ഒരു കാലത്തും സ്ഥാനമോഹം എന്നെ ഭരിച്ചിട്ടില്ല. അതിനുവേണ്ടി ഒരു കുത്സിത മാർഗവും ഉപയോഗിച്ചിട്ടുമില്ല. പിന്നിട്ട എട്ടു ദശകങ്ങളിലെ അനുഭവങ്ങളുടെ ഒരു ഓർമ്മക്കുറിപ്പ് എഴുതണമെന്നുണ്ടായ ആഗ്രഹപ്രകാരം ഒരു ശ്രമം നടത്തുകയാണ്........

**അടുത്തിടെ അന്തരിച്ച പ്രമുഖ കമ്മ്യൂണിസ്റ്റ് നേതാവ് സി.ബി.സി വാര്യരുടെ ആത്മകഥയിലെ പ്രസക്തഭാഗങ്ങൾ........**

# പിന്നിട്ട ദശാബ്ദങ്ങൾ



**അടുത്ത ലക്കം മുതൽ പ്രസിദ്ധീകരിച്ചു തുടങ്ങുന്നു**